Draft #1 of File 24038/CITAD 2/2019/CITAD Approved by ASSISTANT REGISTRAR I (ADMIN) on 05-Sep-2019 04:14 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണനിർവ്വഹണം-സർവ്വകലാശാലയിലെ പരീക്ഷേതര കമ്പ്യൂട്ടർ വൽക്കരണത്തിന്റെ മേൽ നോട്ടത്തിനായി ശ്രീ മധു വി.ടി-യെ ഒരു വർഷത്തേയ്ക്ക് സാങ്കേതിക ഉപദേഷ്ടാവായി കൺസൾട്ടൻസി ചാർജ്ജ് നൽകി നിയോഗിച്ച് കൊണ്ട്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 4286/AD A 4/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.09.2019

---

പരാമർശം:-1.സ.ഉ.നം.8064/എ4/3/2018/ഭ.വി തീയതി 13-11-2018

2.വൈസ് ചാൻസലറുടെ 02-08-2019, 24-08-2019 തീയതികളിലെ ഉത്തരവുകൾ.

**ഉത്തരവ്**

സർവ്വകലാശാലയിലെ സാങ്കേതിക ഉപദേഷ്ടാവായി കൺസൾട്ടൻസി ചാർജ് നൽകി പരാമർശം (1) പ്രകാരം നിയോഗിച്ച ശ്രീ മധു വി.ടി- യുടെ മേൽ നോട്ടത്തിൽ സിറ്റാഡ് വിഭാഗം വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകളുടെയും പോർട്ടലുകളുടേയും പൂർത്തീകരണത്തിന് ടിയാന്റെ സേവനം അനിവാര്യമായതിനാൽ 08-08-2019 ന് കരാർ കാലാവധി അവസാനിക്കുന്ന ടിയാന്റെ സേവനകാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകാവുന്നതാണെന്ന് സിറ്റാഡ് വിഭാഗം അറിയിച്ചിരുന്നു.

ആയത് പരിഗണിച്ച് ശ്രീ.മധു വി ടി-യെ ആഴ്ചയിൽ ചുരുങ്ങിയത് 2 ദിവസം സർവ്വകലാശാലയിൽ സന്നിഹിതനായും മറ്റ് ദിവസങ്ങളിൽ ഫോൺ ഇ-മെയിൽ മുഖാന്തിരം കമ്പ്യൂട്ടർ പ്രോഗ്രാമർക്ക് നിർദ്ദേശങ്ങൾ നൽകിയും പരീക്ഷേതര കമ്പ്യൂട്ടർവൽക്കരണത്തിന്റെ മേൽനോട്ടത്തിനായി 12-08-2019 മുതൽ ഒരു വർഷക്കാലത്തേക്ക് സാങ്കേതിക ഉപദേഷ്ടാവായി പ്രതിമാസം 40000/- രൂപ (നാൽപ്പതിനായിരം രൂപ മാത്രം) കൺസൾട്ടൻസി ചാർജ് നൽകി നിയോഗിക്കുവാനും സന്നിഹിതനാകുന്ന ദിവസങ്ങളിൽ ടിയാന് താമസ സൗകര്യം സൗജന്യമായി നൽകുവാനും പരാമർശം (2),(3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ശ്രീ മധു വി.ടി

2.വൈസ് ചാൻസിലർ,പ്രൊ- വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

3.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

4.എ.ആർ-1/ഡി.ആർ-1/ജെആർ.-1(ഭരണ വിഭാഗം)

5.എ.ഡി.ഡി/ഓഡിറ്റ്-1/ജനറൽ ക്യാഷ്/ഫിനാൻസ്-1/ CITAD

6.കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./കെ.എസ്.എ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 24038/CITAD 2/2019/CITAD Approved by ASSISTANT REGISTRAR I (ADMIN) on 05-Sep-2019 04:14 PM - Page 2